# Athmaraksha.org

സന്ദേശം : യുവജനങ്ങൾ, മാതാപിതാക്കൾ, കുടുംബജീവിതക്കാർ

## കുടുംബങ്ങളുടെ ഭദ്രത സമൂഹത്തിന്റെ കരുത്ത്: മാർപാപ്പ




വത്തിക്കാൻ സിറ്റി: കുടുബഭദ്രതയുടെയും വേർപിരിയാനാകാത്തവിധം ക്രിസ്തുവിൽ സുദൃഢമായി യോജിപ്പിക്കപ്പെട്ട ഭാര്യാ-ഭർതൃ ബന്ധത്തിന്റെയും പ്രാധാന്യം മനുഷ്യന്റെയും സമൂഹത്തിന്റെയും അടിസ്ഥാനഘടകമാണെന്ന ഫ്രാൻസിസ് മാർപാപ്പ.
ശനിയാഴ്ച മെത്രാന്മാരുടെ സിനഡിന്റെ സമാപനത്തിൽ കുടുംബത്തെക്കുറിച്ച നടന്ന ചർച്ചയുടെ അവലോകനസന്ദേശത്തിലാണ മാർപാപ്പ ഈ കാര്യം വ്യക്തമാക്കിയത്. കുടുംബങ്ങളിലെ പ്രതിസന്ധികൾക്കെല്ലാം സത്വര പരിഹാരം കണ്ടെത്തുന്നതിലുപരി അവയെക്കുറിച്ച വിശകലനം ചെയ്യുന്നതിനും കുടുംബാംഗങ്ങൾ നിരാശരാകാതെ വിശ്വാസത്തിന്റെ ശക്തമായപിൻബലത്തിൽ അവയെ സധൈര്യം നേരിടുന്നതിനുള്ള സാധ്യതയെക്കുറിച്ച ചിന്തിക്കുന്നതിനുമായിരുന്ന സിനഡ് പ്രാമുഖ്യം നൽകിയത്. ആധുനിക ലോകത്തെ കുടുംബത്തെക്കുറിച്ച് ക്രിയാത്മകമായ അഭിപ്രായമാണ് സിനഡിൽ പങ്കെടുത്തവരെല്ലാം പങ്കുവച്ചത്. യാഥാർഥ്യങ്ങളെ മുൻവിധിയില്ലാതെ വിശകലനം ചെയ്യാനും ദൈവീകമായ വീക്ഷണത്തിലൂടെ അവയെ ഗ്രഹിക്കാനുള്ള ശ്രമമുണ്ടായി.
വർധിച്ചുവരുന്ന നിരാശാബോധത്തിന്റെയും സാമൂഹിക, സാമ്പത്തിക, സദാചാര പ്രതിസന്ധികളുടെയും മധ്യത്തിൽ വിശ്വാസികളുടെ മനസുകളെ ദീപ്തമാക്കാനും വിശ്വാസതീക്ഷ്ണതയിൽ ജനങ്ങളെ വളർത്താനും സഹായിക്കുകയെന്നതായിരുന്ന ബൃഹത്തായ ചർച്ചകളുടെ അന്തസത്ത. കത്തോലിക്ക സഭയുടെ ഊർജസ്വലതയും വിശ്വാസത്തിൽ അധിഷ്ഠിതമായ, അചഞ്ചലമായ കരുത്തുമാണ് അഭിപ്രായ വൈവിധ്യത്തിലൂടെ കടന്ന് പൊതുവായി അംഗീകരിക്കപ്പെട്ട തീരുമാനങ്ങളിലൂടെ വ്യക്തമാക്കപ്പെടുന്നത്.
ദൈവസാന്നിധ്യം അനുഭവവേദ്യമായ സിനഡിന്റെ വിവിധ യോഗങ്ങളിൽ പ്രതിഫലിച്ചത് സഭയുടെ കരുത്തുറ്റ നിലപാടാണ്- അധഃസ്ഥിതരുടെയും തഴയപ്പെട്ടവരുടെയും പശ്ചാത്താപ വഴിയിലൂടെ ദൈവസന്നിധിയിൽ എത്താൻ തീവ്രമായി ആഗ്രഹിക്കുന്നവരുടെയും ആശയും സങ്കേതവുമാകുക എന്ന നിയോഗം.
ആധുനിക ലോകത്ത് എല്ലാ സമൂഹത്തോടും വ്യക്തികളോടും സുവിശേഷം പ്രഘോഷിക്കുക, ഒപ്പം വിഘടിത ആശയത്തിന്റെയും വ്യക്ത്യാധിഷ്ഠിത അക്രമണത്തിന്റെയും പിടിയിൽനിന്ന കുടുംബത്തെ സംരക്ഷിക്കുന്നതിന് കാതലായ പിൻതുണനൽകുക എന്നിവ ഏറ്റവു പ്രാധാന്യം അർഹിക്കുന്നുവെന്ന് മാർപാപ്പ ഉദ്ബോധിപ്പിച്ചു.
സഭയുടെ പ്രബോധനങ്ങളെ അനുസരിക്കുന്നവർ അവയുടെ അന്തസത്തയാണ് ഉൾക്കൊള്ളേണ്ടത്. ആശയങ്ങളെയല്ല, ജനങ്ങളെയാണ് സ്വീകരിക്കേണ്ടത്. സൂത്രവാക്യങ്ങളല്ല, ദൈവത്തിന്റെ

നിർലോഭമായ സ്നേഹവും ക്ഷമിക്കാനുള്ള മനോഭാവവുമാണ് ഹൃദയത്തിൽ സൂക്ഷിക്കേണ്ടത്.
കല്പനകൾ അനുസരിക്കുന്നതിൽനിന്നു മാറിനിൽക്കണമെന്നല്ല, സത്യദൈവത്തിന്റെ മഹത്വത്തെക്കുറിച്ച് ഉൾക്കാഴ്ചയുള്ളവരാകണമെന്നാണ് ഇതിനർഥം നമ്മുടെ നന്മയുടെ അളവനുസരിച്ചോ നമ്മുടെ പ്രവർത്തനത്തിന്റെ മികവു പരിശോധിച്ചോ അല്ല, പ്രത്യുത ദൈവത്തിന്റെ അതിരില്ലാത്ത കരുണയാലാണ് ഓരോ വ്യക്തിക്കും അനുഗ്രഹം ലഭ്യമാകുന്നതെന്ന് മാർപാപ്പ ഓർമിപ്പിച്ചു. സിനഡിന്റെ സമാപനത്തിൽ ഓരോരുത്തരും ദൈവത്തിന്റെ വിശുദ്ധ സുവിശേഷം പ്രഘോഷിക്കുവാൻ, സഭയുടെ സുരക്ഷിതവും സ്നേഹോഷ്മളവുമായ കരവലയത്തിനുള്ളിൽ വിശ്വാസതീക്ഷ്ണത വളർത്തുവാൻ കൂടുതൽ കരുത്താർജിച്ചിരിക്കുന്നുവെന്നത് ദൈവപരിപാലനയുടെ പ്രതിഫലനമാണെന്ന് മാർപാപ്പ ഓർമിപ്പിച്ചു.